9 വർഷവും 8 മാസവും ഇടർച്ചയായി സർവ്വീസ് ഉണ്ടായിട്ടും 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാതിരിക്കാൻ എന്താണ് കാരണം; വിശദമാക്കാമോ;

(ബി) ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം വരുത്തിയ ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. ഷാജിക്ക് 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് ഇ 3/6559/2014/മെ.വി.വ. തീയതി 26-11-2014 എന്ന ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

116 (4402) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പാളിച്ചയുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ലോക്കൽഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ ഓഡിറ്റിലെയും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) പരിശോധനയില്ലാതെ അഫിലിയേഷനും പുതിയ കോഴ്സുകളും അനുവദിച്ചെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ;

(ഡി) സർവ്വകലാശാലയിലെ ഏതൊക്കെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വകലാശാലയുടെ പ്രാരംഭദിശയിൽ അഫിലിയേഷൻ ഫലപ്രാപ്തി, അക്കൗണ്ടബിലിറ്റി, അഫിലിയേഷൻ കണക്കുകൾ, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ, കൂടാതെ സെനറ്റ്, എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുന്നത്, കെട്ടിടങ്ങളുടെ നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം തുടങ്ങിയവ സംബന്ധിച്ചായിരുന്ന പരാമർശങ്ങളും നിർദ്ദേശങ്ങളും. എല്ലാ പരാമർശങ്ങൾക്കും സർവ്വകലാശാല തലത്തിൽ ഉചിതമായ മറുപടി നൽകുകയും ആയത് പ്രസ്തുത വകുപ്പുകൾ പരിശോധിച്ച് വരുന്നതുമാണ്.

(സി) പരിശോധനയില്ലാതെ പുതിയ കോഴ്സുകളും അഫിലിയേഷനും അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ സർക്കാർ തലത്തിൽ അന്വേഷണങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല.

കളമശ്ശേരി മെഡിക്കൽ കോളേജിന്റെ വികസനം

117 (4403) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി മെഡിക്കൽ കോളേജിനെ സമ്പൂർണ്ണ വികസിത മെഡിക്കൽ കോളേജ് ആക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) രോഗികൾക്കും, കൂട്ടിരുപ്പുകാർക്കും ഗുണപ്രദമായ എന്തെല്ലാം സേവനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ - സി) കൊച്ചി മെഡിക്കൽ കോളേജിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് ഉൾപ്പെടെയുള്ള ഏറ്റെടുക്കൽ പ്രക്രിയകൾ പൂർത്തിയാകുന്ന മുറയ്ക്ക് കോളേജിന്റെ ഭാവിവികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉക പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ വകയിരുത്തി സർക്കാർ മേഖലയിലുള്ള മറ്റ് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളും ആധുനിക ചികിത്സാ സൗകര്യങ്ങളും, എറണാകുളം മെഡിക്കൽ കോളേജിലും നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മറ്റ് മെഡിക്കൽ കോളേജുകൾക്ക് സമാനമായി അർഹരായവർക്ക് ചികിത്സയും മരുന്നുകളും സൗജന്യമാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly